# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ: 1751

25.03.2013 -ലെ
മറുപടിക്ക്

## വിമുക്തഭടന്മാരുടെ ക്ഷേമം

| ചോദ്യം | അന്തിമ മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| **(എ)** വിമുക്തഭടന്മാരുടെ ക്ഷേമം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | **(എ)** ഉണ്ട്. വിമുക്തഭടന്മാരുടെ ക്ഷേമം സംബന്ധിച്ച് പഠനം നടത്തുന്നതിനായി ശ്രീ. എൻ. വി. ജി നമ്പ്യാർ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) നിയോഗിച്ചിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷൻ സർക്കാരിന് സമർപ്പിക്കുകയും റിപ്പോർട്ടിലെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട ശുപാർശകൾ പരിഗണിക്കുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റിപ്പോർട്ടിലെ സംസ്ഥാന തലത്തിൽ നടപടികൾ സ്വീകരിക്കേണ്ട ശുപാർശകളിന്മേൽ പഠനം നടത്തി സമഗ്രമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുവാൻ സൈനിക ക്ഷേമ ഡയറക്ടറോടും കെക്സ്കോൺ എം.ഡിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| **(ബി)** വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ? | **(ബി)** ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള രാജ്യ സൈനിക ബോർഡിന്റെ യോഗങ്ങൾ കാലാകാലങ്ങളിൽ ചേർന്ന് വിമുക്ത ഭടന്മാരുടെ നിലവിലുള്ള ക്ഷേമ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും കാലോചിതമായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. വിമുക്ത ഭടന്മാരുടെ ക്ഷേമത്തിനായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**